## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **07-10-2024 - ൽ മറുപടിയ്ക്ക്**

## നഗരസഭകളിൽ അർബൻ ഹെൽത്ത് വെൽനസ് സെന്റർ ആരംഭിക്കുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിൽ അർബൻ ഹെൽത്ത് വെൽനസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇവയിൽ ഏതൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പദ്ധതി നിലവിലുണ്ട്. താഴെപ്പറയുന്ന സേവനങ്ങൾ നിലവിൽ ലഭ്യമാക്കുന്നു.<br>എല്ലാ കേന്ദ്രങ്ങളിലും ഉച്ച തിരിഞ്ഞ് സൗജന്യ ഒ പി സേവനങ്ങൾ<br>മുറിവ് തുന്നിക്കെട്ടൽപോലുള്ള ലഘു നടപടികൾ (Minor proceedure)<br>അവശ്യ രോഗനിർണ്ണയ പരിശോധനാ സൗകര്യങ്ങൾ<br>എല്ലാ രോഗികൾക്കും സൗജന്യ മരുന്ന് വിതരണം<br>പകർച്ച/പകർച്ചേതര രോഗങ്ങളുടെ മുൻകൂട്ടിയുള്ള നിർണ്ണയം<br>സൗജന്യ പ്രതിരോധ കുത്തിവെയ്പുകളും മരുന്നുകളും<br>പ്രഥമശുശ്രൂഷ<br>ആരോഗ്യ വിദ്യാഭ്യാസം<br>കുടുംബക്ഷേമ പ്രവർത്തനങ്ങൾ<br>സ്വാന്തന പരിചരണം<br>ടെലിമെഡിസിൻ സേവനങ്ങൾ |
| (ബി) | ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരാണോ ഫണ്ട് അനുവദിക്കുന്നത്; സംസ്ഥാന സർക്കാർ ഏതെങ്കിലും വിഹിതം നൽകുന്നുണ്ടോ; എങ്കിൽ ഓരോ വെൽനസ് സെന്ററിനും സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള പണം മുഖ്യമായും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശിത ഫണ്ടിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ